**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2284

06.10.2016- ൽ
മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) വിവിധ വകുപ്പുകൾക്കുകീഴിൽ, അവയുടെ വികസനത്തിന് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ വർഷങ്ങളായി താമസിച്ചുവരുന്ന അപേക്ഷകർക്ക് അടിയന്തിരമായി പട്ടയം അനുവദിയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ) & (ബി) തൃശ്ശൂർ ജില്ലയിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് കേരള ഭൂമി പതിവ് നിയമവും, ചട്ടങ്ങളും പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരികയാണ്. നിയമപരമായി പട്ടയം നൽകാവുന്നതും, അപേക്ഷ ലഭിച്ചിട്ടുള്ളതുമായ ഭൂരിഭാഗം കേസുകളിലും പതിവ് ഉത്തരവോ, പട്ടയമോ അനുവദിച്ചുകഴിഞ്ഞിട്ടുള്ളതാണ്. പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ള ഭൂമി റവന്യൂ രേഖകളിൽ 'പാറ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ പോലും സ്ഥല പരിശോധന നടത്തി ധാതു ശേഖരം ഇല്ലാത്ത വാസയോഗ്യമായ ഭൂമിയാണെന്ന് ഉറപ്പുവരുത്തി പട്ടയ നടപടി സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമികൾ പതിവ് നൽകുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുളം, ചിറ, പുറമ്പോക്കുകൾ നിലവിലുള്ള നിയമപ്രകാരം പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. എന്നാൽ കൈവശക്കാർക്ക് റേഷൻ കാർഡ്, വൈദ്യുതി, വെള്ളം, ആധാർകാർഡ് എന്നിവ ലഭിക്കുന്നതിലേയ്ക്കായി 'കൈവശരേഖ' നൽകിവരുന്നുണ്ട്. മറ്റ് വകുപ്പുകളുടെ (പൊതുമരാമത്ത്, വൈദ്യുതി, ജലസേചനം) കീഴിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിച്ച് വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി പ്രസ്തുത വകുപ്പുകൾ ഇക്കാര്യത്തിനായി നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്നുണ്ട്.

എന്നാൽ പ്രസ്തുത നിരാക്ഷേപ പത്രം ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്നതുമൂലം പട്ടയ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടപ്പിൽവരുന്നതുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ